**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2669** **27-02-2023 - ൽ മറുപടിയ്ക്ക്**

**പ്രമാണങ്ങളുടെ കൃത്രിമത്വം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | പ്രമാണങ്ങളുടെ കൃത്രിമത്വം തടയുന്നതിനും അസ്സൽ പ്രമാണങ്ങളും മുൻപ്രമാണങ്ങളും നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്യുന്ന സാഹചര്യങ്ങളിലും രജിസ്ട്രേഷൻ വകുപ്പ് നല്കുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (എ) | ആധാര രജിസ്ട്രേഷന് രജിസ്റ്ററി<br>ഓഫീസറുടെ മുൻപാകെ ഹാജരാകുന്ന ആധാര<br>സമ്മത കക്ഷികളെ ആളെ തിരിച്ചറിയിക്കുന്ന<br>സാക്ഷികളുടെ (Identifying Witnesses)<br>സഹായത്തോടെയായിരുന്നു<br>തിരിച്ചറിഞ്ഞിരുന്നത്. പിന്നീട്, ആധാര<br>കക്ഷികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ<br>കാർഡ് ഹാജരാക്കുന്നത് നിർബന്ധമാക്കി<br>കൂടാതെ ആധാര കക്ഷികളുടെ ഫോട്ടോയും<br>വിരലടയാളവും ആധാരത്തിൽ പതിക്കുന്നത<br>നിയമപരമായി നിർബന്ധമാക്കി<br>ആൾമാറാട്ടത്തിലൂടെ രജിസ്റ്റർ ചെയ്യുന്ന<br>ആധാരങ്ങളും കളക്ടറുടെ എൻ.ഒ.സി ഇല്ലാതെ<br>രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളും റ<br>ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ<br>ജനറലിനു അധികാരമുണ്ട്. ആധാര<br>രജിസ്ട്രേഷന് ഹാജരാകുന്ന കക്ഷികളുടെ<br>അനന്യത തെളിയിക്കുന്നതിന് "ആധാർ<br>അധിഷ്ഠിത ബയോമെട്രിക<br>ഐഡന്റിഫിക്കേഷൻ" ഏർപ്പെടുത്തുന്നതിനുള്ള<br>ചട്ടഭേദഗതി കൊണ്ടു വരികയും അത<br>നടപ്പാക്കുന്നതിനുള്ള നടപടികൾ<br>പുരോഗമിക്കുകയുമാണ്. ആധാരം രജിസ്റ്റർ<br>ചെയ്താൽ, അത് സ്കാൻ ചെയ്തു രജിസ്ട്രേഷൻ<br>വകുപ്പിന്റെ സെർവറിൽ സൂക്ഷിക്കുന്നു<br>അതിനാൽ ആധാരത്തിൽ കൃത്രിമം<br>നടത്തിയാലും അത് എളുപ്പത്തിൽ<br>കണ്ടുപിടിക്കാൻ കഴിയും. രജിസ്റ്റർ ചെയ്<br>വിശദാംശങ്ങൾ, വസ്തുവിവരം എന്നിവ<br>പൊതുജനങ്ങൾക്ക് സൗജന്യമായി<br>രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിലൂടെ<br>മനസിലാക്കാൻ സംവിധാനമുണ്ട്. ഇതെല്ലാം<br>തന്നെ ആധാരത്തിൽ കൃത്രിമത്വം |

| | | | |
|---|---|---|---|
| | | | തടയുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളാണ്.<br><br>അസ്സൽ പ്രമാണങ്ങളും മുൻപ്രമാണങ്ങളും നഷ്ടപ്പെടുകയോ നശിച്ചു പോകുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അതിനു പുറമെ വസ്തു കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് വസ്തുവിന്റെ ബാധ്യതാ സർട്ടിഫിക്കറ്റും രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ